## ചെത്തിന് എക്സൈസ് അനുമതി വൈകുന്നു

# നീര: കേന്ദ്ര സബ്സിഡി ലഭിക്കുക ഒരു കമ്പനിക്കു മാത്രം

**ജോജി സൈമൺ**

കൊച്ചി ● നീരയുൽപാദനത്തിനായി നാളികേര ഉൽപാദക കമ്പനികൾ(കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനി)ക്കു കേന്ദ്രസർക്കാർ സബ്സിഡി തുക അനുവദിച്ചെങ്കിലും സംസ്ഥാനത്തെ പന്ത്രണ്ടിൽ പതിനൊന്നു കമ്പനികൾക്കും ഇപ്പോഴത്തെ സാഹചര്യത്തിൽ ഇതു ലഭിക്കില്ല. കമ്പനികൾക്കു കീഴിലുള്ള ഭൂരിഭാഗം തൊഴിലാളി ഫെഡറേഷനുകൾക്കും നീര ചെത്താനുള്ള ലൈസൻസ് ലഭിക്കാത്തതിനാൽ ബാക്കി തുകയ്ക്കുള്ള ബാങ്ക് വായ്പയ്ക്ക് അപേക്ഷിക്കാൻ കഴിയാത്തതാണു തടസം. 173 ഫെഡറേഷനുകൾക്കു ലൈസൻസ് നൽകുമെന്ന് ഒരു വർഷം മുൻപു സർക്കാർ പ്രഖ്യാപിച്ചെങ്കിലും ഇതുവരെ ലൈസൻസ് നൽകിയത് 61 ഫെഡറേഷനുകൾക്കു മാത്രം. ലൈസൻസ് നൽകാൻ വൈകിയാൽ കേന്ദ്ര സബ്സിഡി ഇനത്തിൽ കോടികൾ നഷ്ടപ്പെടും. പ്രവർത്തനം തുടങ്ങാനാവാത്തതിനാൽ, നീരയുൽപാദനത്തിനും വിതരണത്തിനുമായി കഴിഞ്ഞ ബജറ്റിൽ സർക്കാർ നീക്കിവച്ച പതിനഞ്ചു കോടി രൂപയും കമ്പനികൾക്കു ലഭിച്ചിട്ടില്ല.

ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് പദ്ധതിയിൽപെടുത്തിയാണു നാളികേര വികസന ബോർഡ് വഴി കേന്ദ്രസർക്കാർ നാളികേര ഉൽപാദക കമ്പനികൾക്കു സബ്സിഡി നൽകുന്നത്. നീര ഉൾപ്പെടെയുള്ള വിവിധ നാളികേരോൽപന്നങ്ങളുടെ സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ മൊത്തം മൂലധനത്തിന്റെ നാലിലൊന്നാണു സബ്സിഡി. പരമാവധി 50 ലക്ഷം രൂപ വരെ ലഭിക്കും. എന്നാൽ കമ്പനികൾ ബാക്കി മൂലധനം ബാങ്ക് വായ്പ വഴിയോ മറ്റോ ലഭ്യമാക്കിയെന്ന് രേഖാമൂലം ഉറപ്പു ലഭിച്ചാലേ സബ്സിഡി തുക ബാങ്ക് അക്കൗണ്ട് വഴി കൈമാറുകയുള്ളൂ.

കൊല്ലത്തെ കൈപ്പുഴ നാളികേരോൽപാദക കമ്പനി മാത്രമാണു വായ്പ ലഭ്യമാക്കുകയും സബ്സിഡി തുകയ്ക്കുള്ള ധാരണാപത്രം നാളികേര വികസന ബോർഡുമായി ഒപ്പുവയ്ക്കുകയും ചെയ്തിരിക്കുന്നത്. നീര ചെത്താനുള്ള ലൈസൻസ് ലഭിക്കാത്തതുമൂലം പല കമ്പനികളും ബാങ്ക് വായ്പയെടുക്കാൻ മടിച്ചു നിൽക്കുകയാണ്. വായ്പയ്ക്ക് അപേക്ഷിക്കണമെങ്കിലും ലൈസൻസ് വേണം.

173 ഫെഡറേഷനുകൾക്ക് നീര ചെത്താൻ ലൈസൻസ് കൊടുക്കാനായിരുന്നു തീരുമാനം. എന്നാൽ ആദ്യഘട്ടത്തിൽ 17 ഫെഡറേഷനുകൾക്കും പിന്നീട് കോഴിക്കോട്ടെ നാൽപതും കൊല്ലത്തെ നാലും ഫെഡറേഷനുകൾക്കും മാത്രമാണു ലൈസൻസ് കൊടുത്തത്. ഇതിൽ പലർക്കും എക്സൈസ് വകുപ്പ് തെങ്ങ് മാർക്ക് ചെയ്തു കൊടുത്തിട്ടുമില്ല.

തത്വത്തിൽ അംഗീകാരം കൊടുത്ത നീര സംസ്കരണ പദ്ധതികളാണു സംസ്ഥാനത്തെ 12 കമ്പനികളുടേതും. എന്നാൽ നാളികേര വികസന ബോർഡുമായി ധാരണാപത്രം ഒപ്പിടാൻ വൈകിയാൽ ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് പദ്ധതിയിൽപെടുത്തി കേന്ദ്രം നൽകുന്ന സബ്സിഡി നഷ്ടപ്പെടാൻ ഇടയുണ്ട്. എക്സൈസ് വകുപ്പിന്റെ ഭാഗത്തുനിന്നാണു നടപടിയുണ്ടാകേണ്ടത്.